# ഇന്റേവാാ

互联网

മലപ്പുറം-പാലക്കാട് ജില്ലകളുടെ അതിർത്തി ഗ്രാമമായ വെള്ളിയഞ്ചേരി പ്രദേശത്തെ വിദ്യാഭ്യാസ- സാമൂഹ്യ- സാംസ്കാരിക ഉന്നതിയിലേക്ക് ഉയർത്തുന്നതിനായി നാലുപതിറ്റാണ്ടുകളിൽ ഏറെയായി അക്ഷീണം പ്രയത്നിച്ചു വരുന്ന സ്ഥാപനമാണ് നമ്മുടെ സ്കൂൾ .വിദ്യാഭ്യാസ രംഗത്ത് ഉന്നതനിലയിൽ നിന്നിരുന്ന താഴത്തെ പീടിക കുടുബാംഗങ്ങൾ

അവരുടെ അഭിവന്ദ്യ പിതാവ് യശ:ശരീരനായ ജനാബ് ആലുസാഹിബിന്റെ നാമധേയത്തിൽ 1976 ജൂൺ 7-ന് ആലുസാഹിബ് മെമ്മോറിയൽ ഹൈസ്കൂൾ,വെള്ളിയഞ്ചരി ആരംഭിച്ചു. 2010 ൽ ഈവിദ്യാലയം ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു. 8 മുതൽ 12 വരെ ക്ലാസ്സുകളിലായി 1400 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.ഹൈസ്കൂളിൽ ഇംഗ്ലീഷ് ,മലയാളം ഡിവിഷനുകൾ പ്രവർത്തിക്കുന്നു.

സയൻസ് [ബയോളജി]സയൻസ്[കമ്പ്യൂട്ടർസയൻസ്],കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകളാണ് ഹയർ സെക്കന്ററിയിൽ നിലവിലുള്ളത്.

സ്കൂളിന്റെ പുരോഗതിക്ക് സദാ തൽപരനായ ശ്രീ.ടി.പി.അബ്ദുള്ളയാണ് സ്കൂളിന്റെ മാനേജർ.അദ്ദേഹത്തിന്റ ചുറുചുറുക്കും ദീർഘവീക്ഷണവും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്നു.കർമ്മനിരതരായ അദ്ധ്യാപകരും,അച്ചടക്കവും ലക്ഷ്യബോധമുള്ള വിദ്യാർത്ഥികളും സേവന സന്നദ്ധരായ രക്ഷിതാക്കളും ഒത്തുചേർന്ന് ഈ സ്ഥാപനത്തെ മികവിന്റെ ഉന്നതങ്ങളിലേക്ക് നയിക്കുന്നു.

# ***Table of Contents***

## Table of Contents

ANOTHER CHANCE.....5
*ആസിഫ*.....6
മനുഷ്യന്റെ ഭാവി.....8
Before Sunrise.....11
പുസ്തക കുറിപ്പ്.....11
സാന്ധ്യ ശോഭ.....13
*ഒരു കുടന്ന വെളിച്ചമായ്*.....14
#SAVE ALAPPAD#.....15
#STOP MINING#.....15
Friend ship.....16
വയലേലകൾ.....17
SMILE.....18
ശലഭ പ്രണയ◌ം.....19
Winter Smells Like.....20
ഫുട്ബോൾ പ്രണയം.....21
ലോക രാജ്യങ്ങളിലേക്ക് ഒരു.....21
ജാലകം.....21
സഹോദരശ്രുതി.....23
Music.....26
Suggestion.....26
*BOOKS* .....27
DEAR.....28
Please GIVE Me.....28
ഞാറ്റുവേലപ്പൂക്കൾ.....28
Computer.....30
The Father of COMPUTER.....32
Limitation Of Computer.....32
Dear Sun.....35
*പൊതുവിജ്ഞാനം*.....45
വായാടി.....47
Forever.....48
Don't Harm The Environment.....49

# Editorial Board

**Chief Editor : Jaison Joseph.V**
**Staff Editor : Beena kumari .k**
**Student Editor : Muhammed safwan**
**Sub Editor : Kadeeja Rishma**
**Advise committe:**

**Manoj C George**
**Isac M Paul**
**Mohammed Musthafa .N**
**Shableena KC**
**Ahammed Junaid .PK**

# *ANOTHER CHANCE*

How often we wish for another chance
To make a fresh beginning.
A chance to blot out our mistakes
And change failure in to winning.

It does not take a new day
To make a brand new start,
It only takes a deep desire
To try with all our beat.

To live a little better
And to always be forgiving.
And to add a little sun shine.
To the world in which we're living.

So never give up in despair
And think that you are through
For there's always a tomorrow
And the hope of starting.

**Sana anas**
**9.A**

# ആസിഫ

ദൈവമില്ല,

ഉണ്ടെങ്കിൽ ആ കുഞ്ഞ്

ഭൂമിയിൽ ഉല്ലസിച്ച് നടന്നേനെ,

ഒറ്റ ദൈവത്തെ വിഭജിച്ച്

പല വേലികൾ കെട്ടി,

ഇപ്പോഴവർ തമ്മിൽ

ശത്രുതയുണ്ടത്രെ,

ദൈവം കൃഷ്ണനോ,ക്രിസ്തുവോ,

അല്ലാഹുവോ ആകട്ടെ,

അമ്പലമെന്ന പുണ്യസ്ഥലത്ത് വെച്ച്

നരാധമൻമാരുടെ ക്രൂരതയേറ്റുവാങ്ങി

മൺ മറഞ്ഞ ബാലികയെ

തിരിഞ്ഞു നോക്കാൻ

ദൈവങ്ങൾ തുനിഞ്ഞില്ല,

ഇസ്ലാമെങ്കിൽ അമ്പലത്തിൽ സംരക്ഷിക്കേണ്ടതില്ല,

അമ്പലമെങ്കിൽ ഇസ്ലാമും ദയകാണിക്കേണ്ടതില്ല,

എന്നാൽ........... മനുഷ്യനെങ്കിൽ

അവർ അതിനെ വെറുതെ വിടാമായിരുന്നു.

ജനനം മുതൽ മരണം വരെ
ദൈവങ്ങൾ രേഖപ്പെടുത്തിയിരിക്കുമെങ്കിൽ
മുജ്ജൻമ പാപം ചെയ്തിരുന്നു പറയുന്നതിൽ തെല്ലും
അർത്ഥമില്ല, കാരണം,
മുൻ ജന്മത്തിലും തന്നെ
പാപിയായി സൃഷ്ടിച്ചത്
സാക്ഷാൽ ദൈവം തന്നെയാണല്ലോ....

നീയും മനുഷ്യനെങ്കിൽ
ഒന്നോർക്കുക,
മനുഷ്യനാണ്,അവന്റെ മനസാണ് ദൈവം,
മനുഷ്യത്വമാണ് ഏറ്റവും
വലിയ മതം...

Varsha M.K
9B

# മനുഷ്യന്റെ ഭാവി

ചരാചര പ്രപഞ്ചം എന്ന ആർഷഭാരത സംസ്കാരത്തെക്കുറിച്ച് ഒരു പുനർചിന്തനടത്തലാണ് ഈ ലേഖനത്തിന്റ ഉദ്ദേശ്യം.

നമ്മുടെ കേരളം ദൈവത്തിന്റ സ്വന്തം നാടാണ്. സംസ്കാരത്തിലും ജീവിത രീതിയിലും മലയാളി അടിമുടി മാറിക്കഴിഞ്ഞു. ഈ മാറ്റങ്ങൾ നമ്മുടെ നിലനില്പിന് യോജിച്ചതാണോ എന്ന് നാം ആലോചിക്കണം. ജീവിത കാലം ആരോഗ്യത്തോടെ കഴിച്ചു കൂട്ടാൻ വേണ്ട ഒരു കൃഷിരീതിയും സംസ്കാരവും നമ്മുക്കുണ്ടായിരുന്നു.ഏതൊക്കെ രംഗത്താണ് ഈ മാറ്റങ്ങൾ പ്രകടമായതെന്നും അവയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും നമുക്കു ചിന്തിക്കാം.

വിദ്യഭ്യാസ രംഗത്ത് കേരളം മുൻപന്തിയിലാണെന്നത് സ്വാഗതാർഹവും പ്രശംസനീയവുമാണ്.എന്നാൽ മാതൃഭാഷയെയും സംസ്കാരത്തെയും നാം ബഹുമാനിക്ക തന്നെവേണം. വിദ്യാഭ്യാസം നേടിയവരുടെ തൊഴിലില്ലായ്മ നമുക്ക് ഭീഷണിയായി നിൽക്കുന്നു.

കാർഷികരംഗത്ത് മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും


നാം ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിച്ചിട്ടില്ല. അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നമ്മുടെ ഭക്ഷണത്തിൻെറ രുചിയും ഗുണവും നില്ക്കുന്നത്. ഈ രീതി പിൻതുടരാതെ നമ്മുക്കു വേണ്ട കാർഷിക വിളകൾ ജൈവകൃഷിയിലുണ്ട്.

നാം തന്നെ കൃഷി ചെയ്തുണ്ടാക്കണം നമ്മുടെ കുന്നും മലകളും സ്വാർത്ഥലാഭത്തിനും മറ്റും വേണ്ടി ഇടിച്ചു നിരത്താതെ പരമാവധി അവയെ സംരക്ഷിക്കാനുള്ള ശ്രമം കേരളീയന്റെ ഭാഗത്തുനിന്നുണ്ടാകണം .

മറ്റൊരു ഭീഷണി വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക്ക് മലിനീകരണമാണ്. പ്ലാസ്റ്റിക്ക് തുടങ്ങിയ മാലിന്യം നമ്മുടെ ഭൂമിയെയും കടലിനെയും കാർന്നു തിന്നു കൊണ്ടിരിക്കുന്നു.

സമത്വ സുന്ദരമായ എല്ലാ മനുഷ്യരെയും ഒന്നായി കാണാനും ഇണക്കാനും കഴിയുന്ന ഒരു തലമുറക്കുമാത്രമെ കേരളത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ.

ഉണ്ണികൃഷ്ണൻ.ഒ.എം



# Before Sunrise...

Farewell Of Moon..
I Am In Another World.
The World Of Dream...
So,
I Can Imagine My World
At That Time..!

-Varsha M.K
9B

# പുസ്തകക്കുറിപ്പ്

## ജാലകങ്ങൾ

**ഒരു ചരിത്രാന്വേഷിയുടെ വഴികൾ കാഴ്ചകൾ ........................**

എം.ജി.എസ്.നാരായണൻ

പ്രാചീന കേരളത്തിന്റെ ജീവിത കഥ ആധികാരികമായിഎഴുതിക്കൊണ്ടിരിക്കുന്ന എം.ജി.എസ്.നാരായണന്റെആത്മകഥയാണ് ജാലകങ്ങൾ.കെട്ടുകഥകളെയും ഊഹങ്ങളെയും ശാസ്ത്രീയമായ ചരിത്രയുക്തികൊണ്ട് നിരന്തരമായ് വിശദീകരിക്കുകയും ചരിത്രവിജ്ഞാനീയത്തിലെ ആധികാരികമായ ഇന്ത്യൻ ശബ്ദങ്ങളിലൊന്നായി മാറുകയും ചെയ്ത എം.ജി.എസ് എട്ടരപതിറ്റാണ്ട് നീളുന്ന ഓർമകളിലേക്ക് ഒരു ചരിത്രകാരന്റെ കൗതുകത്തോടെ സഞ്ചരിക്കുകയാണ് ഈ പുസ്തകത്തിൽ.

സ്വതന്ത്ര ഇന്ത്യ പിറവിയെടുക്കുമ്പോൾ പതിനഞ്ചു വയസ്സുകാരനായിരുന്ന എം.ജി.എസ്.പരപ്പനങ്ങാടിയിലെയും പൊന്നാനിയിലെയും ബാല്യകൗമാരങ്ങളെക്കുറിച്ചുള്ള സജീവമായ ഓർമ്മകളിൽ അക്കാലത്തെ രാഷ്ട്രീയസാമൂഹിക-സാംസ്കാരിക

ജീവിതത്തിന്റെ സജീവമായ സ്പന്ദനങ്ങളുണ്ട്.സർഗാത്മകഥയുടെ ഉജ്ജ്വലപ്രകാശങ്ങളായിരുന്ന ഇടശ്ശേരിയും പൊന്നാനി കളരിയുമുണ്ട്.അക്കാലത്തെ എഴുത്തിലെ വൻ മരങ്ങളുടെ തണൽ കൊണ്ട് കാലത്തെക്കുറിച്ച് ആർദ്രമായാണ് അദ്ദേഹം ഓർമിക്കുന്നത്. നാല്പതുകൾ മുതൽ കേരളീയജീവിതത്തെ രൂപപ്പെടുത്തിയ മഹദ്സാന്നിധ്യങ്ങളെ അടുത്തറിഞ്ഞതിന്റെയും ഇടപഴകിയതിന്റെയും കഥകൾ എം.ജി.എസ്. പറയുമ്പോൾ അത് നവോത്ഥാന കേരളത്തിൻെറ ചരിത്രം കൂടിയായി മാറുന്നുണ്ട്.

ചരിത്രകാരൻ എന്ന നിലയിലും ചരിത്രാധ്യാപകൻ എന്ന നിലയിലും വിദേശത്തുനിന്നും ആർജിച്ച വിശാലമായ അനുഭവങ്ങൾ അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്.

.... Muhammed Safwan.
9G

# *    സാന്ധ്യ ശോഭ    *

അസ്തമയത്തിന്റെ പൂത്തുലഞ്ഞ വർണ്ണരാജികളിൽ-

ചെംകതിരുകൾ മന്ദഹസികുമ്പോൾ,

ഇളംതെന്നൽ,ഒട്ട് കുസൃതിയോടെ

ആരാഞ്ഞു....!

എവിടെ നിന്നു കിട്ടീ.......മനം മയക്കുന്ന-

ഈ സാന്ധ്യ ശോഭ.....?

"ഞാൻ എന്റെ സൂര്യനിലേക്കുള്ള പൂർണ്ണത

തേടിയുള്ള യാത്രയിലാണ്.....

ഉദയത്തിന്റെ നനുത്ത സ്പർശങ്ങളും,

നട്ടുച്ചയുടെ പൊള്ളിക്കുന്ന തടവലും

ഇഷ്ടപ്പെടുന്നുണ്ടെങ്കിലും-

സായന്തനത്തിന്റെ തണുപ്പിക്കുന്ന,

നിർവൃതി പകരുന്ന.....

കരലാളനങ്ങളിലാണ് ഞാൻ ആനന്ദം

കൊള്ളുന്നത്...."

രസക്കടലുകൾ നീന്തിക്കടന്ന്,

മിഴിനീർചവർപ്പിനെ ആനന്ദത്തിന്റെ

ആന്ദോളനമാക്കുമ്പോഴും.....

സ്വപ്നം മയങ്ങുന്ന കണ്ണുകളോടെ

ചെംകതിരുകൾ മന്ദഹസിച്ചു   കൊണ്ടേയിരുന്നു......

***ബീനാകുമാരി. എൻ. കെ***

# ഒരു കുടന്ന വെളിച്ചമായ്

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ  കൃഷിയിടത്തിൽ നിന്ന്
അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ
കുഴിച്ചെടുത്തു.സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ
ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്കു അയാൾ
അതുമായി ചെന്നു.അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക്
സൗന്ദര്യാസ്വാദകനു വിറ്റു.
പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ  ഇങ്ങനെ
ചിന്തിക്കാൻ തുടങ്ങി.ഈ പണം എന്തു മാത്രം
ജീവിതസൗകര്യങ്ങളാണ് നൽകുന്നത് !എല്ലാവരാലും
അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി
മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മുതശിലാഖണ്ഡത്തിനു
പകരമായി എത്രമാത്രം പണം നൽകി ഏതു
വിഡ്ഢി വിലയ്ക്കു വാങ്ങും?
അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി
സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു:എന്തൊരു

സൗന്ദര്യം! എന്തൊരു ജീവപ്രകാശം! മൃതവും സ്വപ്നരഹിതവുമായ പണത്തിനു

പകരമായി  ഇതിനെ കൈമാറാൻ ആർക്കു തോന്നും?

സന അനസ്
9th-A

# #SAVE ALAPPAD#

# #STOP MINING#

മല കയറിയ പെണ്ണിനുപിറകെ പായുന്ന

നിന്നോട് ഒന്നേ

പറയാനുള്ളു...



തിരതിന്ന കരയെ,

പിടിച്ചെഴുന്നേൽപ്പിച്ചവർ,

തിര തിന്ന ശ്വാസത്തെ

വീണ്ടെടുത്തവർ..,

അവരിന്ന് കരയുന്നു..!

“ഈ മണ്ണിൽ ജനിച്ചതെങ്കിൽ

നീയവരെ ഉയർത്തെണീപ്പിക്കുക"



# FRIENDSHIP

***Friend......***
***They,re the few people who accept***
***Silence over conversation.***
***A relationship like this denies silly***
***Promises and persuasions.***
***The,re the ones that guide you through when fate takes a turn.***
***You,re grateful for who they are and***
***You forgive them for what there not.***

# വയലേലകൾ

അമ്മതൻ മാറിലെ നന്മതൻ വിത്തുകൾ
പൊട്ടി തളിർത്തു വിടർന്ന മണ്ണിൽ
കതിരേറ്റി നിൽക്കുന്ന നെൽവയലേലകൾ
മനസ്സിലെ മോഹങ്ങൾ നമ്പുയർത്തി..
ഉല്ലാസ പൂങ്കാറ്റെ കിളികൾതൻ ഈണങ്ങൾ
ഉയരുന്ന വാനിൽ മനം കുളിർപ്പൂ...
അറിയുന്നുവോ അതിലോരു സുഖം
പ്രകൃതി തൻ  നന്മ ഭൂമി...
ഇന്നു നീ ഓർക്കുന്നു മണ്ണിനെ സ്നേഹിച്ച്
വിത്തിട്ട് വിളകൊയ്തെടുത്തക്കാലം
ബാല്യ കാലം തരും മധുരമാം ഓർമകളെ
എവിടെയോ എന്തിനോ ഒളിച്ചപോലെ
നിൻ സുഖ നിദ്രയിൽ കണ്ടുവോ ഭൂമി തൻ
പൊട്ടിക്കരിഞ്ഞൊരി ഹരിതഭാവം
കാണുന്നുവോ അന്നൊരു മണ്ണിൽ
ഭൂമിതൻ മാതൃസ്നേഹം....

*Harshamohandas.C.M   9th D*

# SMILE



*Smile is a short act*
*Act with great power*
*Smile whispering*
*colours*
*Full of blushing pleasure*
*Smile brings joy to all of us*
*It bright,s  up our whole day*
*Smile is like a moon in the sky*
*It light up on the dark of night*
*Smile is a tool of peace*
*It makes men love and beautiful*

*MIRSHA SHAKEEL .M9G*

# ശലഭ പ്രണയം



ശലഭം വീണ്ടും
പൂവിനോട് ചേർന്നിരുന്ന
പൂവിന്റെ കാതിൽ
പറഞ്ഞു.
നീയെന്റെ പ്രാണസഖി,
നിന്നിലെ മധു ഞാൻ നിറഞ്ഞമനസോടെ
സ്വീകരിക്കും...
പുഷ്പത്തിന്റെ ഇതളുകളിൽ
ശലഭച്ചുണ്ടുകൾ സ്പർശിച്ചു...
പുഷ്പം ശലഭത്തോടോതി,
ഇന്ന് സൂര്യാസ്തമയത്തിനുള്ളിൽ
ഞാൻ വാടിയ മലരായി തീരും,
പക്ഷേ നീ നാളെ
മറ്റൊരു പുഷ്പത്തോട്
ഇതേവാക്കുകൾ തന്നെ പറയും...

Harikrishnan .P.K.
9th b

# Winter Smells Like...

**Winter Smells Like**
**Old Grape Wine**
**And....**
**Deep Smell Of Old Books**
**Because...**
**I Like Reading In Bed Time**
**With Frozen Air...**

**-Varsha M.K**
***9B***

## ഫുട്ബോൾ പ്രണയം

വെറുതെ ചോദിച്ചതാണ്
നിനക്കേറ്റവും പ്രണയം എന്തിനോടാണ്?
എന്നാൽ അവൻ മറുപടി
തെല്ലും ആലോചിക്കാതെയുള്ളതായിരുന്നു,
അവനേറ്റവും പ്രിയം
കാൽപന്ത് കളിയോടാണത്രേ

''അവന്റെ ലോകമതിൽ
നിക്ഷിപ്തമത്രേ''

***Risvan .p.t***

9th b

# ലോക രാജ്യങ്ങളിലേക്ക് ഒരു ജാലകം

ഫെറോ ദ്വീപുകൾ
ചെമ്മരിയാടുകളുടെ ദ്വീപ് എന്നാണ് ഫെറോ എന്ന വാക്കിനർത്ഥം വടക്കൻ യൂറോപ്പിൽ അറ്റ്ലാന്റിക് സമുദ്രത്തിന്റെ വടക്കുഭാഗത്തായിനോർവേ, സ്കോട്ടലാൻഡ്,ഐസ്ലാൻഡ്എന്നീ രാജ്യങ്ങൾക്കിടയിൽസ്ഥിതിചെയുന്ന ഫെറോ പതിനെട്ടുദ്വീപ്സമൂഹങ്ങൾചേർന്നരാജ്യമാണ് .ഡെന്മാർക്കിന്റെ-നിയന്ത്രണത്തിലുള്ള രണ്ട് കോളനികളിൽ ഒന്നാണിത്. മറ്റൊന്ന് ലോകത്തിലെ ഏറ്റവും വലിയ ഗ്രീൻലാന്റ് ഡെന്മാർക്കിനു കീഴിലുള്ള സ്വതന്ത്രരാഷ്ട്രമായി ഫെറോദ്വീപുകളെ കണക്കാക്കുന്നു.

ഒമ്പതാംനൂറ്റാണ്ടിൽ നോർവേയിൽനിന്നു കുടിയേറിപ്പാർത്തവരാണ്ഫെറോദ്വീപ്സമൂഹങ്ങളിലെആദിവാസികൾ. ദ്വീപുരാജ്യമായതുകൊണ്ടുതന്നെമീൻപിടുത്തമാണ് ഫെറോ ജനതയുടെ മുഖ്യ തൊഴിൽ.പലദ്വീപുകളും അപരിഷ്കൃത ഗ്രാമങ്ങളായി തുടരുന്നു. ഉന്നതവിദ്യഭ്യാസത്തിനും വമ്പൻവ്യവസായങ്ങൾക്കുമായി അവർ ഡെന്മാർക്കിലേക്കു പോകുന്നു. ചൂടു കുറഞ്ഞ വേനലും തണുപ്പു കുറഞ്ഞ

ശൈത്യവുമാണ് ശരാശരി കാലാവസ്ഥ.
പർവത പ്രദേശങ്ങളും താഴ് വരകളും
മണൽതിട്ട നിറഞ്ഞ കടൽ തീരങ്ങളും
ഒക്കെയുള്ള ഫെറോദ്വീ പുകൾ
സഞ്ചാരികളുടെ ഇഷ്ട പ്രദേശമാണ്.
എന്നാൽ വിനോദ മേഖല ഒരു പ്രധാന
വ്യവസായമായി വികസിപ്പിച്ചെടുത്തിട്ടില്ല.
ഇവാഞ്ചലിക്കൽ ലൂഥറൻ ക്യസ്തു മതമാണ്
*ഫെറോദ്വീപുകളിലുള്ളത്. മത്സ്യമാണ് പ്രധാന
കയറ്റുമതി ഉൽപ്പന്നം*

*mirsha shakkeel*

# സഹോദരശ്രുതി


രണ്ട് കർഷക സോദരർ. വിവാഹിതനായ ഇളയ സോദരന് നാല് മക്കളുണ്ട്.ഒരു ദിവസം രാത്രി അവിവാഹിതനായ ജ്യേഷ്ഠന് അനുജന്റെ യും കുടുംബത്തിന്റെയും ഭാവിയെപറ്റിയാലോചിച്ച് ഉറക്കം വന്നതേയില്ല. എന്റെ അനുജനും കുടുംബത്തിനും വേണ്ടത്ര വരുമാനമില്ല. അതുകൊണ്ട് അവനുംകുടുംബവും ഭാവിയിൽ കഷ്ടപ്പെടും.... ഇതോർത്തപ്പോൾ ജ്യേഷ്ട്ന് സങ്കടം വന്നു. അന്ന രാത്രി എല്ലാവരും ഉറങ്ങുന്ന നേരം നോക്കി തന്റ പത്തായത്തിൽ നിന്ന് മൂന്നുനാല് ചാക്ക് നെല്ലെടുത്ത് അനുജൻെറ പത്തായത്തിൽ

കൊണ്ടുപോയിട്ടു. അന്നു രാത്രി അവിവാഹിതനായ ജ്യേഷ്ട്ടൻെറ ഭാവിയോർത്തിരുന്നിട്ട് അനുജന് ഉറക്കംവന്നില്ല. എനിക്ക് മക്കളെങ്കിലുമുണ്ട്.ഏട്ടന് വയസ്സുകാലത്ത് ആരാണുണ്ടാവുക.വേണ്ടത്ര പണമുണ്ടെങ്കിൽ അതൊരുപകാരമായിരിക്കും. അന്നുരാത്രി അനുജൻ തൻെ പത്തായത്തിൽ നിന്ന് കുറേ

നെല്ലെടുത്ത് ഏട്ടൻെറ പത്തായത്തിൽ കൊണ്ടു പോയിനിറച്ചു. ഇത് ഇടയ്ക്കിടെ രണ്ടുപേരുംപരസ്പരമറിയാതെ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസംരാത്രി രണ്ടുപേരും ചാക്കുകളിൽ നെല്ലുമായി പത്തായപുരയ്ക്കുനേരെ പോകുമ്പോൾ തമ്മിൽ കണ്ടുമുട്ടി...!അവരിരുവരും ഒന്നുമുരിയാടാനാവാതെ പരസ്പരംനോക്കി നിന്നു. അവരിരുവരുടെയുംകണ്ണുകൾ നിറഞ്ഞൊഴുകി....അവരിരുവരും മരിച്ചു പോയി. കാലമേറെ കഴിഞ്ഞു. ഇവരുടെ

സഹോദരസ്നേഹത്തിൻെറ കഥ നാട്ടിലാകെ പരന്നു. ആയിടെ ഗ്രാമത്തിലൊരു ദേവാലയം പണിയാനുള്ള ആലോചന നടന്നു . അതിനു പറ്റിയ സ്ഥലമായി അവർ തിരഞ്ഞെടുത്തത് ഈ സോദരർ നെല്ലുചാക്കുമായി നടക്കുമ്പോൾ പരസ്പരം കണ്ടു മുട്ടിയ ആസ്ഥലത്തായിരുന്നു.

Muhammed Safwan.p.t 9.G



# Music....

Wow,What A Wonderful Creation...
I Can't Leave Without You..!
Because,You Are A Part Of My Life.
You Can Refresh My Mind.
You Can Help Me.
For Blot Out My All Bad Memories..
And Start A New Life.

-Varsha.M.k
9B

# Suggestion

Once in a Gloomy Morning
I Thought To Write A Poem
But I Have No Idea About The Theme
I Asked My Mother ,But
She Is Too Busy With Her Works.
I Suggest To My Father.
He Said to Me About a Magic.But,
I Don't Have Any Logic About Magic.
I Suggested To My Brother.
He Is A Teenager. He Told Me Love
But I'm Not Satisfied
Then I Thought I Can Write
About Suggestion.

-Rinsha Fathima
9A

# BOOKS ....



*Books Are The*
*Best Friend Of*
*Everyone*
*Because....*
*Books Are The World Of*
*Imagination And Inspiration....*

***-Varsha .m.k***
*9-B*

# DEAR




**Please GIVE Me**

***More Time....***
***I Want Spend More***
***Time With My***
***Happiness And***
***Some Sadness....***
***Can You Give More Chances,***
***And Memorable Days?***

*-VARSHA.M.K*
*9-B*

# ഞാറ്റുവേലപ്പൂക്കൾ

ഞാറ്റുവേലയിൽ കുളിച്ചീറനും ധരിച്ചെന്റെ
നാട്ടിലേക്കിറങ്ങിയ പുഷ്പകന്യകമാരോ,
മത്തയിൽ, പടവലവള്ളിയിൽ
,കുമ്പളത്തിലിത്തപം
നിങ്ങൾ ചെയ്യെത്തടിപ്പുമ്മ ചിത്തം.
ഇടവക്കരിങ്കാറിൽ പൊത്തിൽനിന്നിറങ്ങിയ
കൊടിയ വെള്ളപ്പൊക്കം വെമ്പാലപ്പാമ്പിന്നൊപ്പം
ചുറ്റിയുംഅംഗങ്ങളിൽകൊത്തിയുമെവൻ
നാടിന്റെ
സപ്തനാഡിയും മൃതപ്രായമാക്കിയ നേരം,
എല്ലുപൊന്തിയ ചെറ്റക്കുടിലിൻ ചളിപ്പായിലില്ലായ്മ
കിനാക്കണ്ടു.കൃഷിക്കാർ കിടന്നപ്പോൾ
നാളത്തെസ്സമൃദ്ധിതൻ നാകീയവാഗ് ദാനങ്ങൾ
നീളവേ നിശ്ശബ്ദമായുദ്ഘോഷിച്ചെത്തീനിങ്ങൾ!

നീങ്ങളെയീവേളയിൽ
കാണുമ്പോളൊളിയറ്റുമങ്ങുന്നു
മുല്ലപ്പുവും റോജയും മന്ദാരവും!
അനപത്യതാ ദുഖഃം
പേറുമീമണ്ണിലുണ്ണിക്കനിയഗർഭം
പൂണ്ടു പ്രസവിച്ചെടുക്കുവാൻ
വർഷക്കാറ്റെടുക്കുമീ പച്ചയാം പല്ലക്കിങ്കൽ
ഹർഷപൂരിതകളായ് കിടക്കും പുഷ്പങ്ങളെ
നിങ്ങൾ തൻ സുഖപ്രസവത്തിനുശുശ്രൂഷിക്കാൻ
ചിങ്ങപ്പൊൻ നിലാവൊളിയുറക്കമിളയ്ക്കുമ്പോൾ
അവിടെക്കാവൽനിന്നിടുമെൻനെഞ്ചിലെ
ക്കവിസങ്കൽപംപ്രതിനിമിഷം പ്രതീക്ഷയായ്!

Arun k.p 9th d

# Computer

A computer is a device that can be industrial to carry out sequences of Arthmetic or logical operations automatically via computers have the ability to follow generelized sets of operations called Programs. These programs enable computers to perform an extremely wide range of tasks.

Computers are used as control system for a wide variety of industrial and consumer devices.This includes simple special purpose devices like Microwave Ovens and Remote Controls,factory devices such as Industrial Robots and Computer-Aided Design,and also general purpose devices like Personal Computers and Mobile Devices such as Smart Phones.

Early Computers were only conceived as Calculating Devices.Since Ancient Times,simple manual devices like the Abacus aided people in doing calculations .Early in the Industrial revolution,some mechanical devices were built to automate long tedious tasks,such as guiding patterns for looms .More Sophisticated electrcial machines did specialized analog calculations in the early 20th century.The first Digital electronic calculating machine were developed during World War ll .The speed,power and versatility of computershave been increasing dramatically ever since then.

Conventionally a modern computer consists of atleast one procedding element,Typically a central processing unit [C.P.U],and some form of

memory. The processing element carries out Arithmetic and logical operations,and a requencing and control unit can change the order of operations in response to stored information.Peripheral devices included input devices [Keyboard,Mice,Joystics,etc.....],output devices[Monitor,Screens,Printers,etc.....]and input/output devices that perform both functions[eg..,the 2000s-era touch screen].peripheral devices allow information to be retrived from an external source and they enable the result of operations to be saved and retrieved.

## Basic Function Of Computer

- Inputting.
- Outputting.
- Processing.
- Outputting.
- Controlling.

## Characterstics Of Computer

- Automatic Machine.
- High Speed.
- Accuracy.
- Versatile.
- Storing.
- *Deligence.*

# Generations Of Computer

| ➢ Generations. | ➢ Time Period. | ➢ Technology Used. |
|---|---|---|
| ➢ First Generation. | ➢ 1946-1959. | ➢ Vacuum Tube. |
| ➢ Second Generation. | ➢ 1959-1965. | ➢ Transistor. |
| ➢ Third Generation. | ➢ 1965-1971. | ➢ Integrated Circuit. |
| ➢ Fourth Generation. | ➢ 1971-1980. | ➢ VLSI Microprocessor. |
| ➢ Fifth Generation. | ➢ 1980-Onwards. | ➢ ULSI Microprocessor. |

## The Father of COMPUTER

Charles Babbage KH FRS.He is known as the father of computer.He was born on 26 December 1791 and he left from all of us on 18 October 1871.He was an English Polymath.A Mathematician,Philosopher,Inventor and Mechanical Engineer,Babbage originated the concept of a digital Programmable Computer.

The world computer comes from the word "Compute" which means "To Calculate".Hence Computer to be a calculating devices that can perform Arithmetic Operations at high speed.

## Limitation Of Computer

- No IQ.
- No Feelings.
- No Learning Capacity.
- Human Dependent.
- Hardware And Software Depent.

*-Dilwar Hussain*
*9A*

പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടാൻ എന്തെല്ലാം ചെയ്യാനാകും

Ans-;ഒരു ജനാതിപത്യ സമൂഹത്തിൽ ഇത്തരം ദുരന്തങ്ങളെ നേരിടാൻ വളരെയധികം കാര്യങ്ങൾ ഫലപ്രദമായി ചെയ്യാൻ സാധിക്കും.

മേനേജ്മെന്റ് ടീമാക്കണം.

I-T യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം.

"വാട്സാപ്പ് face book" പോലെയുള്ള നവമാധ്യമങ്ങൾ ഉള്ളതുകൊണ്ടാണ് ഇത്രയെങ്കിലും

ചെയ്യാനായത്.ഒരു കേന്ദ്രീകൃത സോഫ്റ്റ് വെയർ സിസ്റ്റം ഉണ്ടെങ്കിൽആശയവിനിമയത്തിന്

കാര്യങ്ങൾ.

കോ-ഓാടിനേറ്റ് ചെയ്യുന്നതിനും കണക്കു വ്യക്തവും സുധാര്യവും ആക്കുന്നതിനും സഹായകമാകും മാത്രമല്ല വിദേശ രാജ്യങ്ങളിൽ കാണുന്ന മോക്ക് ഡ്രിൽ പോലെയുള്ള പരിശീലന പരിപാടികൾ

സ്കൂളുകളിലും പൊതു ജനങ്ങൾക്കും നൽകണം. എങ്കിൽ മാത്രമേ പ്രോ-ആക്ടീവ ആയി വേർ *തിരിക്കാൻ സാധിക്കും.*

## Function And Uses Of Integrated Circuit.

1) System Specification.
2) Architectural Design.
3) Functional Design And Logic Design.
4) Circuit Design.

5) Physical Design.
6) Physical Verification And Sign Off.
7) Fabrication.
8) Package And Testing.
9) *Chip.*

## Logical Points Of Ware house Design


- Orders.
  - Due Date.
  - Order Date.
  - Solar Customer.
  - Ship To Customer.
  - Bill To Customer.
  - Order Profile.
  - Sales Person.
  - Product.
  - Channel.
  - Promotion.
  - Currency.

*-Dilwar Hussain*
*9A*

# Dear Sun.....

You Gave Light To Others,
Through The Part Of Life.
You Are A Message To Us,
Little Light's Behind
Deep Burn,
Oh Dear Sun...!

Varsha.M.K
9B



# . MATERNITY.

Mother : the most beautiful world
On the lips of mankind

- kahlil Gibran -

Fathima shirail . k
IX - A

# Can You Prove 1=2?

One is never equal to two.
But here I am proving 1=2.
Please try to find out the fallacy.

Let x = a
Multiplying both sides by x,

We get $x^2 = ax$.

Subtracting $a^2$ from both sides,

We get $x^2 \; a^2 = ax \; a^2$

$$\text{ie., } (x+a)(x-a) = a(x-a)$$

Deleting $(x-a)$ from both sides,

We get $x + a = a$

Since, $x=a$, substituting x by a

We get $2a = a$

ie., $2=1$.

Dilwar hussain 9A

# പൊതുവിജ്ഞാനം

. ? കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള താലൂക്ക് ഏതാണ്?

*ചേർത്തല

? ഇന്ത്യൻ പോർവിമാനപദ്ധതിയുടെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?

*കോട്ടാഹരി നാരായണൻ

. ?സിവിൽസർവീസ് വിജയിച്ച ആദ്യത്തെ മലയാളി ആരാണ്?

* k.p.s മേനോൻ

. ?ഇന്ത്യയിലെ നാട്ടു രാജ്യങ്ങളിൽ ആദ്യമായി നിയനമ നിർമ്മാണസഭ രൂപംകൊണ്ടതെവിടെയാണ്?

*മൈസൂർ

. ?ലോകത്തിലെ ഏറ്റവും ചെറിയ ലിഖിതഭരണഘടനയുള്ള രാജ്യം ഏതാണ്?

*അമേരിക

. ?ഇന്ത്യയിലെ ആദ്യ പുകവലിമുക്തനഗരം ഏതാണ്?

*ചണ്ഡീഗഡ്

. ?ഇന്ത്യയിലെ ഡെന്മാർക്ക് എന്ന് വിളിക്കപ്പെടുന്ന സംസ്ഥാനം ഏതാണ്?

*ഹരിയാന

. ?കേരളത്തിൽ സ്റ്റുഡന്റ് പോലീസ് സംവിധാനം നിലവിൽവന്ന ആദ്യജില്ല ഏതാണ്?

*കോഴിക്കോട്

. ?തിരുവനന്തപുരത്തുള്ള റേഡിയോനിലയം സ്ഥാപിക്കപ്പെട്ടത് ഏത് രാജാവിന്റെ കാലത്താണ്?

*ചിത്തിരതിരുനാൾ ബാലരാമവർമ്മ

. ?ചൈനീസ് റോഡ് എന്നറിയപ്പെടുന്ന പുഷ്പമേതാണ്?

*ചെമ്പരത്തി

# വായാടി

ഒരു പാട് സംസാരിക്കുമെങ്കിലും
അവളുടെ മനസ് പൊള്ളയാണ്.
ഒരു പക്ഷെ ദൈവം അവൾക്ക്
ഒന്നും ഒളിപ്പിച്ച് വെക്കാൻ
കഴിവ് നൽകിക്കാണില്ല.

പറയുന്നവർ പറയട്ടെ.
ചെയ്യുന്നത് ചെയ്യട്ടെ.
അതെനിക്കസാധുവാണ്.

എന്നെ എനിക്കിഷ്ടമാണ്.
കാരണം;
കാരണം എന്നൊന്നില്ല,
ഞാനങ്ങനൊണ് വായാടി.

VARSHA .M.K

9. B

# Forever

Forever We Remain Oblivious To The Future,
Lost To The Past And Enduring Our Torture.
Forever We Take Chances To Settle Our Scores.
Losing Some Battles And Winning Some Wars .......

-Mirsha Shakeel

*9G*

# Don't Harm The Environment.

Once upon a time,there was a city named New Oral. In the city,the river water was dirty and the surroundings were dumped with wastes. The people in the city,especially men,had a bad habit of smoking cigarettes, making air pollution and the horns from the vehicles made noise pollution.

The people in that city were killing the environment. Because of these things,the

city was leading to endanger. Pollutions caused many diseases to the inhabitants like throat problems,breathing problems etc.

People knew that because of pollution,it all happened. They realized the wrong and started making it right. People started to grow plants. The determination of the people to make the city glow again kept cigarettes far away. Thus this behavior made the city green and beautiful.

-Dilwar Hussain

9A

# ആ സൈക്കിളുകാരൻ

പതിവുപോലെ അയാൾ ഓഫീസിലേക്കിറങ്ങി.എന്നും ഒരു ദുശ്ശകുനമായി മുന്നിൽ പ്രത്യക്ഷപ്പെടാറുള്ള ആ സൈക്കിളുകാരൻ അതാ ഇന്നും.

സൈക്കിളുകാരനെ കണ്ട് കലിയോടെ അയാളുടെ ചുണ്ടുകൾ ചലിച്ചു. "രാവിലെ തന്നെ ട്രാഫിക്ക് ബ്ലോക്കുണ്ടാക്കാൻ വേണ്ടി ഓരോന്നങ്ങ്ട് വന്നോളും."

എന്നും ആ സൈക്കളുക്കാരനെഎത്രയോ ആളുകൾ ചീത്ത വിളിക്കും. എന്നാലും ആ സൈക്കിളുകാരൻ എന്നും രാവിലെ ആ തുരുമ്പു പിടിച്ച സൈക്കിളിൽ ഒരു പെട്ടിയുമായി റോഡിലിറങ്ങും.

പെട്ടന്നയാൾ തന്റെ മകൻ ചോദിച്ചതാലോചിച്ചു. ആ പെട്ടിയിലെന്തായിരിക്കും? ആസൈക്കിളുകാരൻ എവിടെ പോകുന്നുവെന്നോ ആ പെട്ടിയിലെന്താണെന്നോ ആർക്കുമറിയില്ല .എന്നും ആജ്വലിക്കുന്ന സൂര്യനും താഴെ നഗരത്തിലൂടെ തുരുമ്പ്പിടിച്ച സൈക്കിളുമായി അയാൾ നടന്നുനീങ്ങും.

ഒരു ദിവസം ട്രാഫിക് പോലീസുകാരൻ ദേഷ്യത്തോടെ അയാളോട്ടു ചോതിച്ചു, "താനെന്തിനാടോ എന്നും തുരുമ്പുപിടിച്ച സൈക്കിളും കൊണ്ട് ഈ തിരക്കിൽ മറ്റുള്ളവരെ

ബുദ്ധിമുട്ടിക്കാൻ വേണ്ടി ട്രാഫിക് ബ്ലോക്ക് ഉണ്ടാക്കുന്നത്.തനിക്ക് വീട്ടിലിരുന്നാൽ പോരെ?”

പതിഞ്ഞ സ്വരത്തിൽ അയാളിങ്ങനെ മറുപടി പറഞ്ഞു.

“എനിക്ക് ആകെ ഈ സൈക്കിളേ ഉള്ളൂ.”

ദിവസങ്ങൾ അങ്ങനെനീങ്ങി.കുറേ നാൾ കഴിഞ്ഞൊരു ദിവസം.പതിവില്ലാതെ ഒരാൾക്കൂട്ടം.ആരോ ഒരാൾ പറഞ്ഞു,ഒരു ബൈക്കിടിച്ച് ആ സൈക്കിളുകാരൻ മരിച്ചു പോയി എന്ന്.

ട്രാഫിക് പോലീസുകാരൻ അയാളുടെ പെട്ടി തുറന്നു നോക്കി.അതിൽ നിറയെ ഭക്ഷണപ്പൊതികളായിരുന്നു.ഹോട്ടലുകളിൽ ബാക്കിവരുന്ന ഭക്ഷണം ശേഖരിച്ച് അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലും കൊടുക്കുകയായിരുന്നു അയാൾ ചെയ്തിരുന്നത്.

ആൾക്കൂട്ടത്തിലാരോ ചോദിച്ചു. “ഇനി തന്റെ ദു:ഖം മാറ്റിവെച്ച് തന്നേക്കാൾ വിഷമിക്കുന്നവരെ സഹായിക്കാൻ ഈ ഭൂമിക്കുമേലെ ആരാണുള്ളത് ?”

ഇല്ല.ആ സൈക്കിൾ നിന്നിട്ടില്ല.ആ സൈക്കിളിന്റെ ചക്രങ്ങൾ ഇപ്പോഴും നീങ്ങികൊണ്ടിരിക്കുന്നു.

-ദിൽവർ ഹുസൈൻ

*9A*